ശ്രീ. കെ. ചന്ദ്രശേഖരൻ; സർ, സംസ്ഥാനത്തിലെ വിദ്യാഭ്യാസം ജാതി–മത അടിസ്ഥാനത്തിലാക്കിയതിന്റെ ഫലമായിട്ട് താറുമാറായിരിക്കുകയാണ്. അതിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

IV. റിപ്പോർട്ട് സമർപ്പണം

(1) നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച 1985-ലെ കേരള (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Shri. M. M. Hassan: Sir, On behalf of the Chairman of the Subject Committee- X, I present the Kerala Payment of Pension to Members of Legislature (Amendment) Bill 1985, as reported by the Subject Committee.

(2) പട്ടിക ജാതി/പട്ടിക വർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ട്

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, പട്ടികജാതി–പട്ടിക വർഗ്ഗ ക്ഷേമ സമിതിയുടെ 18–മത് റിപ്പോർട്ട് ഞാൻ സഭയിൽ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനെന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു. പെറ്റീഷൻസ് കമ്മിറ്റിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇതുപോലെ ഒരു സെഷനിൽ 12 റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്.

(4) 1986-ലെ കേരള നിയമ സഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Shri. M. M. Hassan: Sir, On behalf of the Chairman of the Subject Committee-X, I present the Kerala Payment of Pension to Members of Legislature (Amendment) Bill, 1986, as reported by the Subject Committee

LIBRARY ARCHIVES Kerala Legislative Assembly